നിലവിൽ അംഗീകാരമുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./സ്റ്റേറ്റ് സിലബസ് അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത, അവരുടെ വേതനം തുടങ്ങിയവ പരിശോധിക്കുവാനും ഇതുസംബന്ധിച്ച പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുവാനും വിദ്യാഭ്യാസ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടേയും അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെയും പങ്കാളിത്തമുള്ള സ്റ്റേറ്റ് ലവൽ കമ്മിറ്റി നിലവിലുണ്ട്. സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഒമ്പതാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾ 2013-14 അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷ അതാതു സ്കൂളുകളിൽ തന്നെ എഴുതുന്നതിന് 24-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 976/14/പൊ.വി. പ്രകാരം അനുമതി നൽകിയിരുന്നു.

സ്കൂളുകളിൽ വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷണക്രമം

30 (1084) ഡോ. എൻ. ജയരാജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. പി. സി. ജോർജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ വിഭാഗങ്ങൾ ഏതു വർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചത് ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് അവരുടെ പ്രവൃത്തി ദിവസങ്ങളിൽ അനുവദിക്കുന്ന ഭക്ഷണക്രമം (ഭക്ഷണം/ലഘുഭക്ഷണം) എപ്രകാരമാണ് ;

(സി) ഇതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നൽകുന്ന ഭക്ഷണക്രമം എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗങ്ങൾക്ക് നല്കുന്നത് പ്രകാരമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി.-1956-ലും, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്-1910-ലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്-2010-ലും പ്രവർത്തനം ആരംഭിച്ചു.

(ബി) സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗങ്ങൾക്ക് പ്രത്യേക ഭക്ഷണക്രമം ഇല്ല. മറ്റുള്ളവരുടെ ഭക്ഷണക്രമം ചുവടെ ചേർക്കുന്നു.

എൻ.സി.സി.-പ്രാക്ടീസ് ദിവസങ്ങളിൽ വൈകുന്നേരം പെറോട്ട, ചിക്കൻ കറി.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് :-ബുധനാഴ്ച വൈകുന്നേരം 50 മിനിട്ട് പരേഡിന് 10 രൂപയുടെ ഭക്ഷണം (ചായ, വട), ശനിയാഴ്ച 4 മണിക്കൂർ പരേഡിന് 35 രൂപയുടെ ഭക്ഷണം (4 ചപ്പാത്തി, മുട്ടക്കറി, ചായ)

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിലെ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

തിരുവനന്തപുരത്തെ ജവഹർ സ്കൂൾ

31 (1085) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥിയെ പട്ടിക്കൂട്ടിലടച്ച് പീഡിപ്പിച്ച തിരുവനന്തപുരത്തെ ജവഹർ സ്കൂളിന് അംഗീകാരമുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സ്കൂൾ അടച്ചു പൂട്ടുന്നതിന് ഡി. പി. ഐ. നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കുകയുണ്ടായോ ;

(സി) സ്കൂളിന് വീണ്ടും തുറന്നു പ്രവർത്തിക്കാൻ ഉത്തരവ് നൽകിയത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായല്ലോ ; കോടതി വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) നിയമവിരുദ്ധമായി പ്രവർത്തിക്കുകയും കുട്ടികളെ പ്രാകൃതമായ ശിക്ഷാ നടപടിക്കു വിധേയമാക്കുകയും ചെയ്യുന്ന ഇത്തരം അനധികൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അതെ.

LIBRARY ARCHIVES Kerala Legislative Assembly